# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 228 | 28/01/2019-ൽ മറുപടിക്ക്

## ക്യാൻസർ രോഗം ആരംഭ ദശയിൽതന്നെ കണ്ടെത്തുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.രാജു എബ്രഹാം** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ആശങ്കാജനകമായി വർദ്ധിക്കുന്നത് കണക്കിലെടുത്ത് ക്യാൻസർ രോഗ ബാധ ആരംഭദശയിൽതന്നെ കണ്ടെത്തുന്നതിന് താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത്തരം ആശുപത്രികളിൽ മെഡിക്കൽ ഓങ്കോളജി വിഭാഗം ആരംഭിക്കുന്നതിനും കൂടുതൽ ക്യാൻസർ ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ച വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ചികിത്സാ വിധികൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ സ്റ്റാറ്റജി തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ വിവിധങ്ങളായ ആശുപത്രികളെ ക്യാൻസർ ചികിത്സയുടെ ക്രമീകരണങ്ങൾ അനുസരിച്ച് നാലായി തരംതിരിക്കുകയും ഓരോ തരത്തിലുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ സ്വകാര്യ മേഖലയിലെയും, സർക്കാർ മേഖലയിലേയും ക്യാൻസർ ചികിത്സാസൗകര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ക്യാൻസർ ഗ്രിഡ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ക്യാൻസർ സ്റ്റാറ്റജിയിൽ ഉദ്ദേശിക്കുന്നുണ്ട്.<br>ആരോഗ്യ മേഖലയിലെ ക്യാൻസർ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് സർക്കാർ ആശുപത്രികളിൽ, റീജിയണൽ ക്യാൻസർ സെന്ററുകളിൽ പരിശീലനം നൽകിയ ഡോക്ടർമാരെ വിന്യസിച്ചുകൊണ്ട് ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാം ആരംഭിക്കുകയുണ്ടായി. ഇരുപത് ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ ക്യാൻസർ രോഗനിർണ്ണയവും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സയും നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | സ്കൂൾ-കോളേജ് കേന്ദ്രീകരിച്ച് ക്യാൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പ്രതിരോധത്തിനും അവബോധത്തിനും എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ബി) | സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ക്യാൻസർ അവബോധത്തിനുള്ള ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും എക്സിബിഷനുകളും, ക്യാൻസർ രോഗികളുടെ സാക്ഷ്യപ്പെടുത്തലുകളും എല്ലാ സാമ്പത്തിക വർഷവും ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. ക്യാൻസറിന്റെ പ്രധാന കാരണങ്ങളിലൊന്നായ പുകവലിക്കെതിരേ സ്കൂൾ-കോളേജ് തലത്തിൽ വിവിധ ബോധവൽക്കരണ പരിപാടികൾ എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. എന്നാൽ സ്കൂളുകളിലും കോളേജുകളിലും ക്യാൻസർ നിർണ്ണയ പരിപാടികൾ ആരോഗ്യ വകുപ്പ് ഇതുവരെ നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ